പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1563 — 12-06-2019-ലെ മറുപടിയ്ക്ക്

**കർഷകരെ സഹായിക്കുന്നതിനുള്ള മോറട്ടോറിയം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കടക്കെണി കാരണം ആത്മഹത്യാമുനമ്പിലെത്തിയ കർഷകരെ സഹായിക്കുന്നതിനുള്ള മോറട്ടോറിയം നടപടികൾ സംസ്ഥാന സർക്കാർ കഴിഞ്ഞ മാർച്ച് മാസം അഞ്ചിന് പ്രഖ്യാപിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ; | (എ), (ബി), (സി) & (ഡി) | ഉണ്ട്. 05.03.2019-ലെ മന്ത്രിസഭായോഗ തീരുമാന പ്രകാരം പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിൻമേലുള്ള ജപ്തി നടപടികൾക്ക് നേരത്തെ പ്രഖ്യാപിച്ച മൊറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് 07.03.2019-ൽ സ.ഉ.(കൈ)നം.41/2019/കൃഷി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മൊറട്ടോറിയം സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിനു മുൻപ് റവന്യൂ വകുപ്പിന് പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. ഇതു സംബന്ധിച്ച ഉത്തരവ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം അവസാനിച്ചതിനുശേഷം 27/05/2019-ൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥതലത്തിൽ ബോധപൂർവ്വമായ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | മന്ത്രിസഭാ തീരുമാനമെന്ന നിലയിൽ പ്രസ്തുത ഉത്തരവ് 48 മണിക്കൂറിനുള്ളിൽ ഇറക്കണമെന്ന് ചട്ടം അനുശാസിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | | |
| (സി) | എന്നാൽ ഇക്കാര്യത്തിൽ അതു പാലിക്കാത്തതിനാൽ തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തോടെ മോറട്ടോറിയം നടപടികൾ പ്രാവർത്തികമാക്കാനാവാത്ത സാഹചര്യം വന്നു ചേർന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | കർഷകരെ സഹായിക്കുന്നതിനായി കൈക്കൊണ്ട ഈ നടപടിയിൽ വന്ന ഗുരുതരമായ വീഴ്ചയെ സർക്കാർ എങ്ങനെയാണ് നോക്കികാണുന്നതെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**